NO TO DRUGS

## കാസറഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

**(സാന്നിധ്യം: മധുസൂദനൻ.ടി.വി)**

വിഷയം:- പൊതുവിദ്യാഭ്യാസം-ജീവനക്കാര്യം -അന്തർ ജില്ലാ സ്ഥലം മാറ്റം **2024-25** -എച്ച് എസ് ടി കോർ തസ്തിക-അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- **1.22.11.2024, 27.12.2024** തീയതികളിലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നമ്പർ **DGE/20836/2024-A1** സർക്കുലറുകൾ

**2.29.01.2025** തീയതിയിൽ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച മുൻഗണന പട്ടിക

**3.01.02.2025** തീയതിയിലെ **DDEKGD/4253/2024-A2** നമ്പർ താത്കാലിക സ്ഥലം മാറ്റ ഉത്തരവ്

4.പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **27.03.2025** തീയതിയിലെ നമ്പർ **DGE/20836/2024-A1** കത്ത്

**5.27.03.2025** തീയതിയിലെ ജെഎ3/**128/2025**/പൊ .വി.വ നമ്പർ സർക്കാർ കത്ത്

**ഉത്തരവ് നമ്പർ DDEKGD/4253/2024-A2 തീയതി : 28-03-2025**

**2024-25** വർഷത്തെ അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം **(1)** സർക്കുലറുകൾ പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.ആയതു പ്രകാരം എച്ച് എസ് ടി കോർ തസ്തികകളിൽ അപേക്ഷ സമർപ്പിച്ച അധ്യാപകരുടെ മുൻഗണനാ പട്ടിക തയ്യാറാക്കുകയും ആയതു പരാമർശം **(2)** പ്രകാരം ഓൺലൈൻ ആയി പ്രസിദ്ധീകരിക്കുകയും തുടർന്നു പരാമർശം **(3)** പ്രകാരം താത്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടവിക്കുകയുമുണ്ടായി.മേൽ ഉത്തരവിൽ ആക്ഷേപങ്ങളോ പരാതികളോ ലഭ്യമാകാത്ത സാഹചര്യത്തിൽ **2024-25** വർഷത്തിൽ കാസർഗോഡ് റവന്യൂ ജില്ലയിലേക്ക് സ്ഥലം മാറ്റത്തിനായി ഒഴിവുകൾ നീക്കി വച്ച തസ്തികകളിലേക്ക് സ്ഥലം മാറ്റത്തിന് അർഹരായ അധ്യാപകർക്ക് ചുവടെ ചേർത്ത പ്രകാരം അവരുടെ പേരിനു നേരെ ചേർത്തിരിക്കുന്ന സ്കൂളുകളിലേക്ക് സ്ഥലം മാറ്റം നൽകി അന്തിമ ഉത്തരവു പുറപ്പെടുവിക്കുന്നു.

അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ച അധ്യാപകരുടെ ജില്ലാതല സർവീസ് സീനിയോറിറ്റി കാസർഗോഡ് ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തിയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. കൂടാതെ **09.08.1988** ലെ ജി ഒ (എം എസ്) നമ്പർ **128/88** പൊ വി വ ഉത്തരവ് പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ അധ്യാപകർ ഈ ജില്ലയിൽ നിയമനം ലഭിക്കുന്ന തസ്തികയിൽ ഏറ്റവും ജൂനിയർ ആയിരിക്കും.സ്ഥലംമാറ്റം ലഭിച്ച അധ്യാപകരെ വിടുതൽ ചെയ്യുന്നതിന് മുമ്പ് മേൽ പരാമർശിച്ച വിവരം ബന്ധപ്പെട്ട അധ്യാപകരിൽ നിന്നും സത്യപ്രസ്താവനയായി എഴുതി വാങ്ങി സേവന പുസ്തകത്തിൽ പതിക്കേണ്ടതും ആയതു രേഖപ്പെടുത്തി പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കാസർഗോഡ് ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് മേൽ വിവരങ്ങൾ ബന്ധപ്പെട്ട അധ്യാപകരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് പ്രധാനാധ്യാപകർ ഉറപ്പ് വരുത്തേണ്ടതാണ്.

23.12.2012 ലെ സർക്കാർ ഉത്തരവ് ജി ഒ (പി) 42/12 പി & എ ആർ ഡി പ്രകാരം അന്തർ ജില്ലാ സ്ഥലം മാറ്റം മുഖേന ജില്ലയിൽ സ്ഥലം മാറ്റം ലഭിക്കുന്ന അധ്യാപകർ കാസർഗോഡ് ജില്ലയിൽ നിന്നും പുതുതായി പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകൻ/അധ്യാപിക തെറ്റായ വിവരങ്ങൾ നൽകിയാണ് അന്തർജില്ലാ സ്ഥലം മാറ്റം നേടിയതെന്ന് ബോധ്യപ്പെട്ടാൽ ടി അധ്യാപകനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

സ്ഥലം മാറ്റം ലഭിച്ച എല്ലാ അധ്യാപകരും പരാമർശം (5) സർക്കാർ കത്തിലെ നിർദേശം അനുസരിച്ച് ഏപ്രിൽ 30 നകം വിടുതൽ ചെയ്ത് പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. സ്ഥലംമാറ്റം ലഭിച്ച അധ്യാപകർ ജോലിയിൽ പ്രവേശിച്ച വിവരം ബന്ധപ്പെട്ട പ്രധാനാധ്യാപകർ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | അദ്ധ്യാപിക/അധ്യാപകന്റെ പേര് | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ | സ്ഥലം മാറ്റം അനുവദിച്ച സ്കൂൾ |
|---|---|---|---|
| 1 | നീതു കൃഷ്ണ കെ വി | ജി ആർ എച്ച് എസ് എസ് കോട്ടക്കൽ ,മലപ്പുറം | ജി എച്ച് എസ് എസ് മാലോത്ത് കസബ |
| 2 | സിനി കെ വി | ഡി ജി എച്ച് എസ് എസ് താനൂർ ,മലപ്പുറം | ജി എച്ച് എസ് എസ് പെരിയ |

Signed by
Madhusudhanan T V
Date: 28-03-2025 14:15:54

വിദ്യാഭ്യാസ ഉപഡയറക്ടർ,
കാസറഗോഡ്

**സ്വീകർത്താവ് :**

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരം
2. വിദ്യാഭ്യാസ ഉപ ഡയറക്ടർ, മലപ്പുറം
3. ബന്ധപ്പെട്ട പ്രധാനാധ്യാപകർ
4. ബന്ധപ്പെട്ട അധ്യാപകർ
5. കരുതൽ ഫയൽ